LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പിലെ ആശ്രിത നിയമനം

151 [112] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന്റെ ഭാഗമായി ആഭ്യന്തര വകുപ്പിൽ എത്ര പേർക്ക് ഇനി തൊഴിൽ ലഭിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എത്ര ദിവസത്തിനുള്ളിൽ നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ പോലീസ് കോൺസ്റ്റബിളായിരുന്ന രാജന്റെ മകൾ പട്ടണക്കണ്ടിയിൽ പി. കെ. രജിലയ്ക്ക് ഈ പദ്ധതി പ്രകാരം എന്നത്തേയ്ക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആശ്രിത നിയമനത്തിന്റെ ഭാഗമായി പോലീസ് വകുപ്പിൽ ഇനി 420 പേർക്ക് തൊഴിൽ ലഭിക്കാനുണ്ട്.

(ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച തീയതിവെച്ചാണ്, അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത്. അപേക്ഷിച്ച തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് അപേക്ഷകരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി നിയമന ഉത്തരവ് നൽകി വരുന്നു.

(സി) 16-9-2000-ൽ അപേക്ഷ സമർപ്പിച്ച ശ്രീമതി പി. കെ. രജിലയുടെ അപേക്ഷ പരിഗണിച്ച് എൽ.ഡി. ക്ലാർക്കിന്റെ വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിനായി അപേക്ഷകയുടെ വിവരങ്ങൾ പൊതുഭരണ (കമ്പാഷേണേറ്റ് സെൽ) വകുപ്പിലേക്ക് 26-3-2002-ൽ നൽകിയിട്ടുണ്ട്. 31-5-2000 വരെ അപേക്ഷ സമർപ്പിച്ചവർക്ക് എൽ.ഡി.സി. നിയമനം നൽകിക്കഴിഞ്ഞു. ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച തീയതിവെച്ചാണ് അപേക്ഷകരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത്. ശ്രീമതി രജിലയുടെ അപേക്ഷയുടെ സീനിയോറിറ്റി വരുന്നമുറയ്ക്ക് അവർക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

ഉപ്പള ഫയർ സ്റ്റേഷൻ നിർമ്മാണം

152 [113] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള ഫയർ സ്റ്റേഷൻ എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയും;